ഭരണഭാഷ-മാതൃഭാഷ

കെ2/43474/2018/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി: 28.01.2019

# സർക്കുലർ

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ്-(നിയമസഭാ ചോദ്യം1901) ഗവ.കോളേജുകൾ, ഡെപ്യൂട്ടി ഡയറക്ടറേറ്റുകൾ, ഹോസ്റ്റലുകൾ എന്നിവിടങ്ങളിലെ റവന്യൂ ശീർഷകത്തിലെ കുടിശ്ശിക ലഭ്യമാക്കുന്നത്- സംബന്ധിച്ച്.

സൂചന:- 1. 24.11.2018 ലെ ഇതേ നമ്പർ സർക്കുലർ
2. 23.01.2019 ലെ അ.ഔ കത്ത് നമ്പർ ആർ.എം.സി1/18/ധന നമ്പർ സർക്കാർ കത്ത്.

സൂചന പ്രകാരം കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലെ 2018- ജനുവരി 31 വരെയുള്ള റവന്യൂ കുടിശ്ശികയും, 2013-14 സാമ്പത്തിക വർഷം മുതൽ 2017-2018 സാമ്പത്തിക വർഷം വരെയുള്ളതുമായ പരിച്ചെടുക്കാത്ത റവന്യൂ കുടിശ്ശികയും അറിയിക്കുവാൻ ബഹുമാനപ്പെട്ട സർക്കാർ സൂചന 2 പ്രകാരം അറിയിച്ചിട്ടുള്ളതാണ്. നിയമസാഭാ സമ്മേളനത്തിൽ ലഭ്യമാക്കേണ്ട പ്രസ്തുത വിവരങ്ങൾ 29.01.2019 5 മണിക്ക് മുൻപായി ലഭ്യമാക്കേണ്ടതാണ്. റവന്യൂ കുടിശ്ശിക വിവരം ലഭ്യമാക്കാത്ത സ്ഥാപന മേധാവികൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്. (എയ്ഡഡ് കോളേജിലെ നികുതി കുടിശ്ശിക ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടറേറ്റ് ലഭ്യമാക്കേണ്ടതാണ്) dcebudget@gmail.com ൽ ലഭ്യമാക്കുക

ഒപ്പ്/-
ഹരിത.വി.കുമാർ ഐ.എ.എസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

1. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
2. ഡി.ഡി.എഫ്.എസ്.

//അംഗീകാരത്തോടെ//

സൂപ്രണ്ട്

ആർ.ബി.29.01.2019

S. V. KALA
ADDITIONAL SECRETARY

Sr. FO - Speak urgently 25/1/19

Date..............................

**<u>അർദ്ധ ഔദ്യോഗിക കത്ത് നം.228218/ആർ.എം.സി1/18/ധന.</u>**

**<u>തീയതി:23/01/2019</u>**

മാഡം,

14-ാം കേരള നിയമസഭയുടെ 10-ാം സമ്മേളനത്തിൽ മറുപടി നൽകേണ്ടിയിരുന്ന 2017-18 സാമ്പത്തിക വർഷത്തിലെ റവന്യൂകുടിശ്ശിക സംബന്ധിച്ച നിയമസഭാചോദ്യം നം. 1901 ന് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) അന്തിമ മറുപടി തയ്യാറാക്കുന്നതിലേക്കായി വിവരശേഖരണാർത്ഥം താങ്കളുടെ വകുപ്പിലേക്ക് 03/03/2018, 29/10/2018 എന്നീ തീയതികളിൽ കത്ത് അയച്ചിരുന്നു. എന്നാൽ പ്രസ്തുത ചോദ്യത്തിന് താങ്കളുടെ വകുപ്പിനെ സംബന്ധിച്ചുള്ള മറുപടി നാളിതുവരെയായി ഈ വകുപ്പിൽ ലഭ്യമാക്കിയിട്ടില്ല. ഇക്കാരണത്താൽ ടി നിയമസഭാ ചോദ്യത്തിനുള്ള അന്തിമമറുപടി നൽകാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ ടി വിഷയത്തിന്റെ അടിയന്തിര പ്രാധാന്യം പരിഗണിച്ച് താങ്കൾ വ്യക്തിപരമായ താത്പര്യമെടുത്ത് പ്രസ്തുത ചോദ്യത്തിനുള്ള മറുപടി മടക്കതപാലിൽ ലഭ്യമാക്കുവാനുള്ള നടപടികൾ കൈക്കൊള്ളണമെന്ന് അഭ്യർത്ഥിക്കുന്നു.

ആത്മാർത്ഥതയോടെ,

(എസ്.വി. കല)

To

ശ്രീമതി. ഹരിത വി. കുമാർ, IAS
കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ,
തിരുവനന്തപുരം.

22321837/2018/FIN-ESTT (1)

# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

2018 മാർച്ച് 08, വ്യാഴം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

KMC

R.W-A

**2017-2018 സാമ്പത്തിക വർഷത്തിലെ റവന്യൂ കുടിശ്ശിക**

1901\. ശ്രീ. കെ. കുഞ്ഞിരാമൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-2018 സാമ്പത്തിക വർഷത്തിലെ 2018 ജനുവരി 31 വരെയുള്ള റവന്യൂ കുടിശ്ശിക എത്രയാണ്; ഈ കുടിശ്ശിക പിരിച്ചെടുക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ബി) ഓരോ വകുപ്പിലും അഞ്ചു വർഷത്തിലേറെയായി പിരിച്ചെടുക്കാനുള്ള റവന്യൂ കുടിശ്ശിക എത്രയാണ്; വകുപ്പ് തിരിച്ച് കണക്ക് നൽകുമോ; കുടിശ്ശിക പിരിച്ചെടുക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്?